# സൂറ – 27 / അന്നംല്

## സൂക്തം: 65 – 66

പരലോകം അതിഭൗതിക യാഥാർഥ്യമാകയാൽ പ്രവാചകന്മാരിലൂടെയോ വേദങ്ങളിലൂടെയോ അല്ലാതെ അതേക്കുറിച്ചറിയാൻ മാർഗമില്ല. പ്രവാചകനെയും വേദത്തെയും നിഷേധിക്കുന്നതോടെ ആ വിജ്ഞാന സ്രോതസ്സ് നിലച്ചുപോകുന്നു. അതിനാൽ അവർ പരലോകത്തെക്കുറിച്ച് ഗുരുതരമായ സന്ദേഹത്തിലാണ്.



قُل لَّا يَعْلَمُ مَن فِي السَّمَاوَاتِ وَالْأَرْضِ الْغَيْبَ إِلَّا
اللَّهُ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ ﴿٦٥﴾

65. പ്രവാചകൻ ജനത്തോടു പറയുക: അല്ലാഹുവല്ലാതെ, വാനലോകങ്ങളിലും ഭൂലോകത്തും ഉള്ളവരാരും തന്നെ അഗോചര രഹസ്യങ്ങളറിയുന്നില്ല. ജനങ്ങൾ ആരാധിക്കുന്ന ബഹുദൈവങ്ങളാവട്ടെ, തങ്ങൾ എപ്പോൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്ന ബോധം പോലും ഇല്ലാത്തവരാകുന്നു.

**65**

قُل = നീ (പ്രവാചകൻ ജനത്തോടു) പറയുക لَّا يَعْلَمُ = അറിയുന്നില്ല

مَن فِي السَّمَاوَاتِ وَالْأَرْضِ = വാനലോകങ്ങളിലും ഭൂലോകത്തും ഉള്ളവർ (ആരും തന്നെ)

الْغَيْبَ = അദൃശ്യം (അഗോചര രഹസ്യങ്ങൾ) إِلَّا اللَّهُ = അല്ലാഹുവല്ലാതെ

وَمَا يَشْعُرُونَ = അവർ ധരിക്കുന്നില്ല (ജനം ആരാധിക്കുന്ന ബഹുദൈവങ്ങളാവട്ടെ ബോധം പോലും ഇല്ലാത്തവരാകുന്നു)

أَيَّانَ يُبْعَثُونَ = തങ്ങൾ എപ്പോൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്ന്

ഇതുവരെ പറഞ്ഞത് ഏകദൈവത്വത്തിന്റെ ദൃഷ്ടാന്തങ്ങൾ പ്രപഞ്ചസൃഷ്ടിയിലും അതിന്റെ പരിപാലനത്തിലും വിളങ്ങിക്കാണുന്നതിനെക്കുറിച്ചാണ്. ആ ദൃഷ്ടാന്തങ്ങൾ ഏറക്കുറെ ഗോചരവും മനുഷ്യ മനസ്സാക്ഷി എളുപ്പം അംഗീകരിക്കുന്നതുമാണ്. ഇനി പറയുന്നത് അഗോചരമായ ദൈവിക ഗുണത്തെക്കുറിച്ചാണ്. അതുകൊണ്ടാണ് മുൻദൃഷ്ടാന്തങ്ങളവതരിപ്പിക്കാൻ സ്വീകരിച്ച ചോദ്യശൈലിയിൽ നിന്ന് മാറി ഇവിടെ പ്രസ്താവനാ ശൈലി ഉപയോഗിച്ചത്. വാനലോകത്തും ഭൂലോകത്തും അല്ലാഹുവല്ലാത്ത ആർക്കും അഗോചര ജ്ഞാനമില്ല എന്നാണ് പ്രസ്താവന. غيب -ന് മൂന്ന് ആശയമുണ്ട്. അദൃശ്യം, അന്യം, അഗോചരം. സാന്നിധ്യമില്ലാത്തതും കാഴ്ചയിൽപെടാത്തതുമാണ് സാധാരണ അർഥത്തിൽ غيب. കാണാതാകുന്ന വസ്തുക്കളും മനുഷ്യരും غائب ആണ്. അറബി വ്യാകരണ ഭാഷയിൽ പ്രഥമ പുരുഷൻ غائب ആണ്. മധ്യമപുരുഷൻ حاضر -ഉം. ആത്മീയ ഭാഷയിലെ غيب പഞ്ചേന്ദ്രിയങ്ങൾക്കതീതവും അഗോചരവും അഭൗതികവും അജ്ഞേയവുമായ കാര്യങ്ങളാണ്. ഈ غيب ആണ് സൂക്തത്തിൽ ഉദ്ദേശിച്ചിട്ടുള്ളത്.

ആളുകളെ ബഹുദൈവ വിശ്വാസത്തിലേക്കും വിഗ്രഹാരാധനയിലേക്കും നയിക്കുന്ന പ്രധാന ഘടകം തങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങൾ അല്ലെങ്കിൽ അവ പ്രതിനിധാനം ചെയ്യുന്ന ദൈവങ്ങൾ ത്രികാലജ്ഞരാണ് എന്ന സങ്കൽപമാണ്. ഭാവിയും വർത്തമാനവും ഭൂതവും മാത്രമല്ല അഭൗതികവും അജ്ഞേയവുമായ കാര്യങ്ങളും അവർക്കറിയാം. ഈ അറിവു വെച്ചുകൊണ്ട് അവർക്ക് തങ്ങളുടെ ഭാഗധേയം നിർണയിക്കാനും കൈകാര്യം ചെയ്യാനും കഴിയും. അവരെ പൂജിച്ചു പ്രസാദിപ്പിച്ചാൽ അനുഗ്രഹിക്കും. അവഗണിക്കുകയും അനാദരിക്കുകയും ചെയ്താൽ ശപിക്കും. ബഹുദൈവ വിശ്വാസത്തിന്റെയും വിഗ്രഹാരാധനയുടെയും അടിവേരിനു തന്നെ കത്തിവെച്ചിരിക്കുകയാണ് ഈ സൂക്തം. ലാ ഇലാഹ ഇല്ലല്ലാഹ്- അല്ലാഹുവല്ലാതെ ദൈവങ്ങളേതുമില്ല- എന്ന വാക്യം പോലെത്തന്നെ നിരുപാധികവും ഖണ്ഡിതവുമാണ് لا يعلم الغيب إلا الله – അല്ലാഹുവല്ലാതെ അഗോചരജ്ഞൻ ആരുമില്ല. ഉണ്ടെന്ന് കരുതുന്നത് അല്ലാഹുവല്ലാതെ വേറെയും ദൈവമുണ്ടെന്നു കരുതുന്നതിനു തുല്യമാണ്. അഗോചര ജ്ഞാനത്തിന്റെ കാര്യത്തിൽ ഭൂമിയിലെ സൃഷ്ടികളും

വാനലോകത്തെ മലക്കുകൾ, ജിന്നുകൾ തുടങ്ങിയ സൃഷ്ടികളും തുല്യരാണ്. ഗോചരമായതും അഗോചരമായതുമെല്ലാം അല്ലാഹു അറിയിച്ചു കൊടുത്തതുമാത്രമേ സൃഷ്ടികൾ അറിയുന്നുള്ളൂ. وَلَا يُحِيطُونَ بِشَيْءٍ مِّنْ عِلْمِهِ إِلَّا بِمَا شَاءَ (അവന്റെ ജ്ഞാനത്തിൽനിന്ന് അവൻ അറിയിച്ചു കൊടുത്തതല്ലാതെ യാതൊന്നും സൃഷ്ടികൾ അറിയുന്നില്ല – 2:255). അവൻ അറിയിച്ചുകൊടുത്തതാകട്ടെ തുഛവുമാകുന്നു وَمَا أُوتِيتُم مِّنَ الْعِلْمِ إِلَّا قَلِيلًا (ജ്ഞാനത്തിൽ നിന്ന് തുഛമായതേ നിങ്ങൾക്ക് ലഭിച്ചിട്ടുള്ളൂ– 17:85). وَعِندَهُ مَفَاتِحُ الْغَيْبِ لَا يَعْلَمُهَا إِلَّا هُوَ (അതിഭൗതിക രഹസ്യങ്ങളുടെ താക്കോലുകൾ അവങ്കലാണ്. അവനല്ലാതാരും അതറിയുന്നില്ല – 6:59). ഇത്രയൊക്കെ വ്യക്തമായും കണിശമായും പ്രസ്താവിച്ചിട്ടും മുസ്‌ലിംകളിൽ ചിലർ പോലും തങ്ങൾ ആശ്രയിക്കുന്ന സിദ്ധന്മാരും ആൾദൈവങ്ങളും غيب അറിയുന്നവരാണെന്ന് വിശ്വസിക്കുകയും സ്തുതി കീർത്തനങ്ങളിലൂടെയും നേർച്ച വഴിപാടുകളിലൂടെയും അവരെ പ്രസാദിപ്പിച്ച് ആഗ്രഹസാഫല്യത്തിന് സഹായം തേടുകയും ചെയ്യുന്നത് എന്തുമാത്രം ശോചനീയവും വിചിത്രവുമല്ല! ജീവിച്ചിരിക്കുന്ന സിദ്ധന്മാർക്കു മാത്രമല്ല, മൺമറഞ്ഞ പുണ്യാത്മാക്കൾക്കും ത്രികാലജ്ഞാനവും ആർത്തത്രാണനശേഷിയുമുണ്ടെന്നാണ് വിശ്വാസം. ഇത് ജാഹിലിയ്യത്തും വിഗ്രഹാരാധനപരമായ നടപടിയുമാണെന്ന് വിമർശിക്കപ്പെടുമ്പോൾ ലഭിക്കുന്ന മറുപടി ഇതാണ്: അല്ലാഹു അവന്റെ ജ്ഞാനത്തിൽനിന്ന് അവനുദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്നവർക്ക് നൽകുന്നുണ്ടല്ലോ. അവന്റെ ഇഷ്ടദാസന്മാരായ പുണ്യാത്മാക്കൾക്ക് അവൻ غيبي ആയ ജ്ഞാനങ്ങളും നൽകുന്നു. ആ ജ്ഞാനം ലഭിച്ചവരോട് സഹായം തേടുന്നത് അനുവദനീയവും പുണ്യകരവുമാകുന്നു. തേടാതിരിക്കുന്നത് ആ ജ്ഞാനത്തെയും ജ്ഞാനികളെയും അവമതിക്കലുമാകുന്നു. ഈ വാദം പക്ഷേ വിശുദ്ധ ഖുർആൻ ഒട്ടും അംഗീകരിക്കുന്നില്ല:

عَالِمُ الْغَيْبِ فَلَا يُظْهِرُ عَلَىٰ غَيْبِهِ أَحَدًا ﴿٢٦﴾ إِلَّا مَنِ ارْتَضَىٰ مِن رَّسُولٍ

(അവൻ അഗോചര രഹസ്യങ്ങളൊക്കെയും – الْغَيْبَ– അറിയുന്നവനാകുന്നു. തന്റെ രഹസ്യം – غيب– അവൻ ആർക്കും വെളിപ്പെടുത്തികൊടുക്കുന്നില്ല; താൻ തൃപ്തിപ്പെട്ട ദൂതനല്ലാതെ). പ്രവാചക വര്യന്മാർക്ക് അല്ലാഹു അവനുദ്ദേശിക്കുന്ന അതിഭൗതിക കാര്യങ്ങൾ ദിവ്യബോധനം വഴി വെളിപ്പെടുത്തിക്കൊടുക്കുമെന്നതിൽ തർക്കമില്ല. അങ്ങനെ വെളിപ്പെടുത്തപ്പെട്ട അഗോചര സത്യങ്ങളാണ് ദൈവത്തിന്റെ ഏകത്വവും മനുഷ്യന്റെ മരണാനന്തര ജീവിതവും പാരത്രിക വിചാരണയും രക്ഷാ ശിക്ഷകളുമൊക്കെ. ഈ വിവരങ്ങൾ അറിയിക്കാൻ തന്നെയാണ് ദൈവദൂതന്മാർ നിയുക്തരാകുന്നതും. ദൈവദൂതന്മാരിൽ തന്നെ അവൻ ഉദ്ദേശിച്ചവർക്ക് ഉദ്ദേശിച്ച അഗോചര വിവരങ്ങളേ അറിയിക്കുന്നുള്ളൂ. ദൈവദൂതന്മാരല്ലാത്തവർക്ക് യാതൊരു غيب –ഉം അറിയിച്ചു കൊടുക്കുന്നില്ല. ഈ സൂക്തത്തിന്റെ പശ്ചാത്തലത്തിൽ പ്രവാചക പത്നി ആഇശ(റ) നടത്തിയ ഒരു പ്രസ്താവന ഏറെ ശ്രദ്ധേയമാകുന്നു:

من زعم ان النبي صلّ الله عليه وسلم يَعْلَمُ ما يكون في غد فقد اعظم الفرية على الله انّ الله يقول (قُلْ لاَ يَعْلَمُ مَنْ فِي السَّمَوَاتِ وَالأَرْضِ الْغَيْبَ إِلاَّ اللَّهُ )

(നബി(സ)ക്ക് നാളെ എന്തുണ്ടാകുമെന്ന് അറിയാം എന്നു വാദിച്ചവൻ അല്ലാഹുവിന്റെ പേരിൽ ഗുരുതരമായ കള്ളമാരോപിച്ചിരിക്കുന്നു. കാരണം അല്ലാഹു പറയുന്നു: അല്ലാഹുവല്ലാതെ വാനലോകത്തും ഭൂലോകത്തുമുള്ള ആരും അഗോചര കാര്യങ്ങൾ അറിയുന്നില്ല).

ലക്ഷണ നിരീക്ഷണം എന്നൊരു സംഗതിയുണ്ട്. ഒരു സംഭവത്തിന്റെ സ്വഭാവവും സാഹചര്യവും സൂക്ഷ്മമായി നിരീക്ഷിക്കാൻ കഴിയുന്ന വിദഗ്ധന്മാർക്ക് അതിന്റെ ഉത്ഭവത്തെക്കുറിച്ചും പരിണതിയെക്കുറിച്ചും ചില അനുമാനങ്ങളിലെത്താൻ കഴിയും. പുക കാണുന്നിടത്ത് തീയുണ്ട് എന്ന് അനുമാനിക്കുന്നത് ഇതിന്റെ ലളിതമായ രൂപമാണ്. ഇതുപോലെ ആളുകളുടെ മുഖലക്ഷണവും ഹസ്തരേഖയും പഠിച്ച് അവരുടെ വ്യക്തിത്വത്തെയും നേട്ടകോട്ടങ്ങളെയും കുറിച്ച് ചിലർ ചില നിഗമനങ്ങളുണ്ടാക്കുന്നു. ചിലർ ഈ വൈദഗ്ധ്യത്തെ ദൈവിക സിദ്ധിയെന്നും അതീന്ദ്രിയ ജ്ഞാനമെന്നും അവകാശപ്പെട്ട് ആൾദൈവങ്ങളായി ചമയുന്നുണ്ട്. ഇതൊന്നും غيب അറിയലല്ല. അന്തിമവിശകലനത്തിൽ ഇതെല്ലാം കാര്യകാരണവ്യവസ്ഥയെ ആധാരമാക്കിയുള്ള ഊഹങ്ങൾ മാത്രമാണ്. അത് ചിലപ്പോൾ ശരിയാവാം. ചിലപ്പോൾ തെറ്റുമാവാം. അധികപക്ഷവും തെറ്റുകയാണ് ചെയ്യാറുള്ളത്. സാഹചര്യവും ലക്ഷണവും വിലയിരുത്തുന്നതിലുള്ള സാമർഥ്യമനുസരിച്ചിരിക്കും തെറ്റും ശരിയും. ഒരു സിദ്ധൻ, കൈനോട്ടക്കാരൻ പറയുന്ന ഒരുപാടു കാര്യങ്ങളിൽ യാദൃഛികമായി ഒന്നോ രണ്ടോ ശരിയാവാം. ഒന്നു ശരിയാണെന്ന് തോന്നിയാൽ മതി സാധാരണക്കാരൻ അയാൾ പറഞ്ഞ കള്ളങ്ങളെല്ലാം മറന്ന് അയാളിൽ വിശ്വാസമുറപ്പിക്കുന്നു. പ്രവചനങ്ങൾ അധികവും തെറ്റോ ശരിയോ എന്ന് കണിശമായി തിരിച്ചറിയാനാവാത്തവിധം അവ്യക്തമായിരിക്കും. പലതരത്തിൽ വ്യാഖ്യാനിക്കാവുന്നതുമായിരിക്കും. ഒരു ഗൃഹനായിക പലവിധ രോഗങ്ങളാൽ പീഡിതയാണ്. ചികിത്സകൾ ഫലിക്കുന്നില്ല. ഗൃഹനാഥനെ അയാളുടെ സുഹൃത്ത് ഉപദേശിച്ചു: പ്രസിദ്ധനായ ....... സിദ്ധനെ സമീപിക്കുക. പ്രശ്നം അദ്ദേഹം പരിഹരിച്ചുതരും. സിദ്ധനോട് ചെന്ന് ആവലാതിപ്പെട്ട ഭർത്താവിനോട് അദ്ദേഹം പറഞ്ഞു: 'കുടുംബത്തെ ഒരു സിഹ്റ് ബാധിച്ചിരിക്കുന്നു. അത് ഒഴിവാക്കാൻ ഇന്നയിന്ന പരിഹാരങ്ങൾ ചെയ്യണം.' ഭർത്താവ് ചെലവേറിയ ആ പരിഹാരങ്ങളെല്ലാം ചെയ്തു. ഫലം കണ്ടില്ല. അതിനിടെ അയാൾ ഭാര്യയെ ചികിത്സിച്ചിരുന്ന ഡോക്ടറെ മാറ്റി. പുതിയ ഡോക്ടർ കൃത്യമായി രോഗനിർണയം ചെയ്ത് ഫലപ്രദമായി ചികിത്സിച്ചപ്പോൾ രോഗം മാറി. പക്ഷേ രോഗശമനത്തിന്റെ ക്രെഡിറ്റ് മുഴുവൻ പോയത് ഡോക്ടർക്കല്ല; സിദ്ധനും അയാൾ നിർദേശിച്ച സിഹ്റ്നിർമാർജന ക്രിയക്കുമാണ്. മറ്റൊരനുഭവം ഓർക്കുകയാണ്: ഒരു വീട്ടിലെ വധുവിന് വിഷാദരോഗം ബാധിച്ചു. വീട്ടുകാർ പരിസരത്തുള്ള ജൂനിയർ സിദ്ധന്മാരെ കാണിച്ചു. രോഗം കൂടിവന്നതേയുള്ളൂ. ഒടുവിൽ പ്രസിദ്ധനായ ഒരു സിദ്ധനെതന്നെ ചെന്നു കണ്ടു. അദ്ദേഹം ചോദിച്ചു: 'വീടിന്റെ ഏതു ഭാഗത്താണ് നിങ്ങളുടെ കിണർ?' വീട്ടുകാർ പറഞ്ഞു: 'വടക്കു കിഴക്ക് ഭാഗത്ത്.' 'ങ്ഹാ.... അതാണ് പ്രശ്നം. ആ കിണറിന് 30 വാരയിൽ കുറയാത്ത ദൂരം പടിഞ്ഞാറോട്ട് മാറി ഉപയോഗിക്കാൻ മറ്റൊരു കിണർ കുഴിക്കണം. പെണ്ണിന്റെ ഭ്രാന്ത് ശിഫയായിക്കൊള്ളും.' വീട്ടുകാർ ഒരു ലക്ഷത്തോളം

രൂപ ചെലവഴിച്ച് പുതിയ കിണർ കുഴിക്കുന്ന തിരക്കിലായി. അതിനിടയിൽ യുവതിയുടെ രോഗം മൂർഛിച്ചു. അവൾ ഏതു നിമിഷവും ആത്മഹത്യ ചെയ്തേക്കുമെന്ന അവസ്ഥയിലായി. ചില ബന്ധുക്കൾ ഇടപെട്ട് അവളെ മനോരോഗാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഒരു മാസക്കാലത്തെ വിദഗ്ധ ചികിത്സ കൊണ്ട് രോഗം പൂർണമായി ഭേദപ്പെട്ടു. രോഗി ആശുപത്രി വിടുന്നതിനുമുമ്പേ വീട്ടിൽ പുതിയ കിണർ സജ്ജമായി കഴിഞ്ഞിരുന്നു. 'ആശുപത്രി ചികിത്സയുടെ ഫലം കാത്തശേഷം മതിയായിരുന്നില്ലേ പുതിയ കിണർ?' എന്ന് ചോദിച്ചപ്പോൾ മറുപടി ഇങ്ങനെ: 'പെട്ടെന്ന് കിണർ കുഴിച്ചതുകൊണ്ടാണ് രോഗം ശമിച്ചത്. ആശുപത്രി ഒരു നമിത്തം മാത്രം. പഴയ കിണറിലെ വെള്ളം കുടിച്ചാൽ ഇനിയും രോഗം വന്നാലോ?' ഈ കഥയിലെ മറ്റൊരു പരിണതി കൂടി പറയേണ്ടതുണ്ട്. പുതിയ കിണറ് എത്ര താഴ്ത്തിയിട്ടും വേനൽക്കാലത്ത് വെള്ളമില്ല. ഗത്യന്തരമില്ലാതെ വീട്ടുകാർ ഏതു വേനലിലും ഇഷ്ടംപോലെ വെള്ളമുള്ള പഴയ കിണറ് തന്നെ ഉപയോഗിച്ചുതുടങ്ങി. ഇതുവരെ ആർക്കും ഒരു കുഴപ്പവുമില്ല. അതിനും വ്യാഖ്യാനമുണ്ട്: 'പുതിയൊരു കിണർ കുഴിക്കണമെന്നേ സിദ്ധൻ നിർദേശിച്ചിട്ടുള്ളൂ. അതുതന്നെ ഉപയോഗിച്ചുകൊള്ളണമെന്ന് കൽപിച്ചിട്ടില്ല. പുതിയ കിണർ കുഴിച്ചതോടെ വീടിന്റെ ദോഷബാധയകന്നു. അത്രതന്നെ.' ഇങ്ങനെയൊക്കെയാണ് കൈനോട്ടക്കാർ മുതൽ മഹാസിദ്ധന്മാരായ ആൾദൈവങ്ങൾ വരെ പുലർന്നു പോരുന്നത്.

ബഹുദൈവവിശ്വാസികൾ ത്രികാലജ്ഞരെന്നും ആർത്തത്രാണനം ചെയ്യുന്നവരെന്നും കരുതി ആരാധിക്കുന്ന മൂർത്തികളുടെയും വ്യാജ ദൈവങ്ങളുടെയും അജ്ഞതയും അശക്തിയും വ്യക്തമാക്കുകയാണ് സൂക്തത്തിന്റെ രണ്ടാം ഖണ്ഡമായ ....... وَمَا يَشْعُرُونَ. ആരാധകരുടെ ഭാഗധേയം പോകട്ടെ, സ്വന്തം ഭാഗധേയം തന്നെ അവർക്കജ്ഞാതമാണ്. ദൈവങ്ങളാക്കപ്പെടുന്നവരിലേറെയും നിർജീവ പദാർഥങ്ങളാണ്. അവക്ക് അറിവും ബോധവും ഉണ്ടാവില്ലെന്ന് സ്പഷ്ടമാണല്ലോ. ഇപ്പോൾ ജീവനില്ലെന്നു മാത്രമല്ല എന്നെങ്കിലും ജീവിപ്പിച്ച് എഴുന്നേൽപിക്കപ്പെടുമോ, എഴുന്നേൽപിക്കപ്പെടുമെങ്കിൽ അത് എന്നായിരിക്കും എന്നത് സംബന്ധിച്ച ബോധവും അവർക്കില്ല. شعور -ൽനിന്നുള്ള ക്രിയയാണ് يشعر. ബോധവും ധാരണയുമാണ് شعور. നിർജീവ പദാർഥങ്ങൾക്ക് ഇതു രണ്ടുമില്ല. ഒരു സംഗതി സംബന്ധിച്ച അജ്ഞതയുടെ പാരമ്യമാണ് അതുസംബന്ധിച്ച അബോധം. മനുഷ്യരെക്കുറിച്ച് لا يشعرون എന്നു പറയുമ്പോൾ അവർ തികച്ചും അജ്ഞരാകുന്നു എന്നാണാശയം. നിർജീവ പദാർഥങ്ങളെക്കുറിച്ച് പറയുമ്പോൾ ജ്ഞാനം മാത്രമല്ല, ജ്ഞാനത്തെ സംബന്ധിച്ച ബോധവും ഇല്ല എന്നും. മരിച്ചുപോകുന്ന മനുഷ്യർ, മഹാന്മാരായാലും ഹീനന്മാരായാലും ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നതുവരെ ജീവനില്ലാത്തവരാണ്. ബോധത്തിനും ജ്ഞാനത്തിനും അതീതരാണ്. അവരും തീരെ അറിയുന്നില്ല, തങ്ങൾ എപ്പോഴാണ് ഉയിർത്തെഴുന്നേൽപിക്കപ്പെടുകയെന്ന്. ●

بَلِ ادَّارَكَ عِلْمُهُمْ فِي الْآخِرَةِ بَلْ هُمْ فِي شَكٍّ مِّنْهَا بَلْ
هُم مِّنْهَا عَمُونَ ﴿٦٦﴾

66. അല്ല, ഈ ജനത്തിന് പരലോക വിവരം ഇല്ലാതായിരിക്കുന്നു. അല്ല, അക്കാര്യത്തിൽ ഗുരുതരമായ സന്ദേഹത്തിലാണവർ. എന്നല്ല അവരതേക്കുറിച്ച് തികച്ചും അന്ധരാകുന്നു.

**66**

بَلِ = അല്ല ادَّارَكَ = തുടർച്ചയായി, ഒന്നിനു പിറകെ ഒന്നായി വന്നുചേർന്നു, ഇല്ലാതായിരിക്കുന്നു

عِلْمُهُمْ فِي الْآخِرَةِ = പരലോകത്തെക്കുറിച്ചുള്ള അവരുടെ വിവരം بَلْ هُمْ = അല്ല അവർ

فِي شَكٍّ مِّنْهَا = (അക്കാര്യത്തിൽ അവർ ഗുരുതരമായ) സന്ദേഹത്തിലാകുന്നു

بَلْ هُم مِّنْهَا عَمُونَ = എന്നല്ല അവർ അതിനാൽ അതേക്കുറിച്ച് (തികച്ചും) അന്ധരാകുന്നു

മൂലത്തിലെ ادَّارَكَ-യുടെ അസൽരൂപം تدارك യാണ്. തുടക്കത്തിലെ ت -നെ دال ആക്കി മാറ്റി അതിനെ അടുത്ത دال-ൽ ലയിപ്പിച്ച് തുടക്കത്തിൽ الف ചേർത്താണ് ادَّارَكَ യാക്കിയത്. تَثَاقَل-യെ اثّاقل ആക്കിയതുപോലെ. വ്യത്യസ്തമായ രണ്ട് അർഥത്തിൽ പറയപ്പെടുന്ന പദമാണ് ادَّارَكَ. തുടർച്ചയായി വന്നുചേരുക, ഒന്നിനു പിറകെ ഒന്നായി വന്ന് കൂട്ടംകൂടുക എന്നാണൊന്ന്. അവസാനിച്ചു, നിലച്ചു എന്നാണ് മറ്റേത്. പണ്ഡിതന്മാർ ഈ രണ്ട് അർഥത്തിലും ഈ സൂക്തം വ്യാഖ്യാനിച്ചിരിക്കുന്നു. ഒന്നാമത്തെ അർഥം സ്വീകരിക്കുമ്പോൾ പരമ്പരാഗതമായി പരലോകത്തെക്കുറിച്ച് അവർക്ക് കുറേ വിവരങ്ങൾ ലഭിച്ചിരിക്കുന്നു എന്നാണ് بَلِ ادَّارَكَ عِلْمُهُمْ فِي الْآخِرَةِ എന്ന വാക്യത്തിന്റെ ആശയം. രണ്ടാമത്തെ അർഥം സ്വീകരിക്കുമ്പോൾ ഈ ജനത്തിന് പരലോക വിവരം അവസാനിച്ചിരിക്കുന്നു എന്നും. عماية (അന്ധത) ൽനിന്നുള്ള عم (അന്ധൻ) ന്റെ ബഹുവചനമാണ് عمونَ. ഇതിന്റെ അസൽരൂപം عميون ആണ്. മധ്യാക്ഷരം (ياء) അനുക്തമാക്കിയതാണ് عمونَ.

സൂക്തസാരമിതാണ്: പ്രവാചക സന്ദേശങ്ങളിൽനിന്നും വേദാധ്യാപനങ്ങളിൽനിന്നും അകന്നുപോയ ജനത്തിന് പരലോകത്തെക്കുറിച്ചുള്ളത് തലമുറകളിലൂടെ കൈമാറിയ കുറേ പാരമ്പര്യ വിവരങ്ങളാണ്. അത് സങ്കീർണവും അബദ്ധജഡിലവുമാണ്. പരലോകം എന്താണെന്നോ അതെപ്പോഴാണ് സംഭവിക്കുകയെന്നോ ആർക്കും അറിയില്ല. അല്ലെങ്കിൽ ഈ വിഷയത്തിൽ അവരുടെ വിജ്ഞാന സ്രോതസ്സ് നിലച്ചുപോയിരിക്കുന്നു. പരലോകം അതിഭൗതിക യാഥാർഥ്യമാകയാൽ പ്രവാചകന്മാരിലൂടെയോ വേദങ്ങളിലൂടെയോ അല്ലാതെ അതേക്കുറിച്ചറിയാൻ മാർഗമില്ല. പ്രവാചകനെയും വേദത്തെയും നിഷേധിക്കുന്നതോടെ ആ വിജ്ഞാന സ്രോതസ്സ് നിലച്ചുപോകുന്നു. അതിനാൽ അവർ പരലോകത്തെക്കുറിച്ച് ഗുരുതരമായ സന്ദേഹത്തിലാണ്. മരിച്ചു മണ്ണടിഞ്ഞുപോയ മനുഷ്യർ വീണ്ടും ഉയിർത്തെഴുന്നേറ്റു വരുന്നത് ചിലർക്ക് സങ്കൽപിക്കാനേ കഴിയുന്നില്ല. അഥവാ അങ്ങനെ ഒരു ഉയിർത്തെഴുന്നേൽപുണ്ടെങ്കിൽ അത് ഇതുപോലുള്ള ഒരു ലോകത്തേക്ക് തന്നെയായിരിക്കുമെന്നാണ് ചിലർ കരുതുന്നത്. പ്രവാചകന്മാർ പറയുന്നതുപോലെ വിചാരണയും രക്ഷാശിക്ഷകളുമൊക്കെ ഉണ്ടെങ്കിൽ, ഈ ലോകത്ത് തങ്ങളെ കാത്തരുളുന്ന ആരാധനാ മൂർത്തികൾ അവിടെയും രക്ഷിക്കാനുണ്ടാവും. പരലോകത്തെക്കുറിച്ച് ഇക്കൂട്ടർ തികച്ചും അന്ധരാകുന്നു എന്നതത്രെ വാസ്തവം. വിചാരണയോടു കൂടിയ ഒരു ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കാനാണവർക്കിഷ്ടം. അങ്ങനെയൊരു ഉയിർത്തെഴുന്നേൽപിനെ അംഗീകരിച്ചാൽ തങ്ങളുടെ മേൽ നിരവധി ഉത്തരവാദിത്തങ്ങൾ വന്നുചേരുകയും തങ്ങളുടെ സ്വതന്ത്ര ജീവിതത്തിന് തടസ്സങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ●